## (6) ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

2018 ജൂൺ മാസം 25-ാം തീയതി നിയമനിർമ്മാണകാര്യം പരിഗണിക്കുന്നതിന് മുമ്പായി, നിയമസഭയെ നോക്കുകുത്തിയാക്കി എക്സിക്യൂട്ടീവ് ഭരണം കയ്യാളുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നതെന്നും ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 60 ഓർഡിനൻസുകൾ പുറപ്പെടുവിക്കുകയും 31 എണ്ണം പുനർ വിളംബരം നടത്തുകയും ശേഷിക്കുന്ന 17 ഓർഡിനൻസുകൾ വീണ്ടും പുനർ വിളംബരം ചെയ്യേണ്ടതായും വരുന്ന സ്ഥിതിവിശേഷമാണുള്ളതെന്നും വിദ്യാഭ്യാസം, റവന്യൂ, തദ്ദേശസ്വയം ഭരണ വകുപ്പുകൾ ഓർഡിനൻസിന് പകരമുള്ള ബില്ലുകൾ നിയമസഭയിൽ കൊണ്ടുവരുന്നതിനുപകരം ഓർഡിനൻസുകൾ വീണ്ടും വീണ്ടും വിളംബരം നടത്തുന്നുവെന്നും കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന നിയമസഭയുടെ വെബ്സൈറ്റിൽ ഓർഡിനൻസുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ലെന്നും XIV-ാം കേരള നിയമസഭ 10 ധനവിനിയോഗ ബില്ലുകൾ ഉൾപ്പെടെ 46 ബില്ലുകൾ പാസ്സാക്കിയെങ്കിലും ഓർഡിനൻസുകൾ യഥാസമയം നിയമമാക്കാൻ വകുപ്പുകൾ അനാസ്ഥ കാണിക്കുന്നുവെന്നും ഇതുസംബന്ധിച്ച് വിവിധ റൂളിംഗുകൾ നിലനിൽക്കുന്നുവെന്നും ഈ സമ്മേളനത്തിൽ 14 ഓർഡിനൻസുകൾ മാത്രമാണ് നിയമമാക്കാൻ

സാധിച്ചതെന്നും ഏതെങ്കിലും നിയമം സംബന്ധിച്ച് ഓർഡിനൻസ് പ്രസിദ്ധീകരിക്കുന്ന സാഹചര്യങ്ങളിൽ ഓർഡിനൻസ് റീ-പ്ലേയ്സ് ചെയ്തുകൊണ്ട് സഭയുടെ അടുത്ത സമ്മേളനത്തിൽ ബില്ലുകൾ കൊണ്ടുവരാൻ ബന്ധപ്പെട്ട വകുപ്പുകൾ ജാഗ്രത കാണിക്കണമെന്നും സഭയ്ക്കുമുന്നിൽ 120 ബില്ലുകൾ നിയമനിർമ്മാണം നടത്താൻ പ്രസിദ്ധീകരിച്ചിട്ടുള്ള സാഹചര്യത്തിലും എല്ലാ ഓർഡിനൻസുകൾക്കും പകരം ബിൽ കൊണ്ടുവന്ന് പാസ്സാക്കാതിരിക്കുന്ന സാഹചര്യത്തിലും സഭാനടപടികൾ അവസാനിപ്പിക്കേണ്ടി വരുന്നത് ഖേദകരമാണെന്നും ഇക്കാര്യത്തിൽ ചെയറിന്റെ റൂളിംഗ് ഉണ്ടാകണമെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

നിയമസഭയെ നോക്കുകുത്തിയാക്കി എക്സിക്യൂട്ടീവ് ഭരണം കയ്യാളുന്നു എന്ന വാദം അടിസ്ഥാനരഹിതമാണെന്നും നിയമസഭ സമ്മേളിക്കാത്ത സമയത്ത് അടിയന്തര ഘട്ടത്തിൽ നിയമനിർമ്മാണം നടത്തേണ്ടി വരുന്ന സാഹചര്യത്തിലാണ് ഭരണഘടന ആർട്ടിക്കിൾ 213(1) പ്രകാരം ഓർഡിനൻസ് പുറപ്പെടുവിക്കുന്നതെന്നും കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തര ഘട്ടങ്ങളിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കാറുണ്ടെന്നും ഈ സർക്കാരിന്റെ ആദ്യത്തെ രണ്ട് വർഷത്തിനകം

തന്നെ 46 ബില്ലുകൾ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ടെന്നും ഈ സമ്മേളനം പൂർത്തിയാകുമ്പോൾ 60 നിയമനിർമ്മാണങ്ങൾ പൂർത്തീകരിക്കുന്നുവെന്നും സർക്കാർ പുറപ്പെടുവിച്ച 35 ഓർഡിനൻസുകളിൽ സഭാ സമ്മേളനത്തിനുമുമ്പ് 17 എണ്ണമൊഴികെ ബാക്കിയുള്ളവ നിയമനിർമ്മാണം പൂർത്തീകരിച്ചതാണെന്നും 31 ഓർഡിനൻസുകൾ പുനർ വിളംബരം നടത്തിയിട്ടില്ലെന്നും ആകെ 17 എണ്ണം മാത്രമാണ് സഭ ചേരുന്ന അവസരത്തിൽ നിലവിലുണ്ടായിരുന്നതെന്നും നിയമനിർമ്മാണത്തിനായി 17 ബില്ലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും 3 ഓർഡിനൻസുകളും പ്രസിദ്ധീകരിച്ച ബില്ലുകളിൽ 50-ഓളം ബില്ലുകളും മാത്രമാണ് നിയമനിർമ്മാണം നടത്താൻ ബാക്കിയുള്ളതെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

" XIV-ാം കേരള നിയമസഭ നിലവിൽ വന്നശേഷം ആകെ 35 ഓർഡിനൻസുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിൽ 3 എണ്ണം ഒഴികെ 32 ഓർഡിനൻസുകളും ഇന്ന് സഭാ സമ്മേളനം അവസാനിക്കുന്നതോടെ നിയമമായി മാറും. ഇതൊരു അപൂർവ്വ നേട്ടമല്ലെങ്കിലും നിയമനിർമ്മാണ

---

* XIV KLA/ XI Session Vol.172 Report No.12 dated 25-6-2018

രംഗത്ത് നല്ലൊരു മാതൃകയാണ്. മാത്രമല്ല രാജ്യത്തെ നിയമസഭകളിൽ ചാമ്പ്യനാണ് കേരള നിയമസഭ എന്നുകൂടി അറിയിക്കുകയാണ്. സഭ ചേരുന്ന ദിവസങ്ങൾ, നിയമനിർമ്മാണ പ്രക്രിയയിൽ എടുക്കുന്ന കാലാവധി, ഇത്തരം കാര്യങ്ങളിലെല്ലാം മാതൃകാപരമായ സമീപനം സ്വീകരിക്കുന്നതിൽ വിജയിച്ചിരിക്കുന്നു. നിയമനിർമ്മാണത്തിനായി പ്രത്യേക സമ്മേളനം ചേർന്നുകൊണ്ട് പരമാവധി ഓർഡിനൻസുകളും നിയമമാക്കാനുള്ള പരിശ്രമമാണ് ഈ സമ്മേളനത്തിൽ നടത്തിയത്. ഇക്കാര്യത്തിൽ പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും മന്ത്രിമാരും അംഗങ്ങളും അങ്ങേയറ്റത്തെ സഹകരണമാണ് നൽകിയിട്ടുള്ളതെങ്കിലും പ്രസിദ്ധീകരിച്ച കഴിഞ്ഞ ഓർഡിനൻസുകളും മറ്റു ബില്ലുകളും സമയബന്ധിതമായി പാസ്സാക്കി നിയമമാക്കാനുള്ള ശ്രമം ഇനിയും നടത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല എന്ന് റൂൾ ചെയ്യുന്നു. ഓർഡിനൻസുകൾ സംബന്ധിച്ച് നിയമസഭാ വെബ്സൈറ്റിൽ അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതാണ്".